# Athmaraksha.org

അനുദിന പ്രാർത്ഥനകൾ

## ആത്മാക്കളുടെ രക്ഷയ്ക്കായുള്ള പ്രാർത്ഥന-Souls




### ആത്മാക്കളുടെ രക്ഷയ്ക്കായുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങയെ അറിയാതെ, മഹത്വപ്പെടുത്താതെ, നന്ദിപറയാതെ പാപത്തിൽ മരിച്ചുപോയ സകല ആത്മാക്കളേയും തിരുമുമ്പിൽ സമർപ്പിച്ച് അവരുടെ രക്ഷയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കാരുണ്യവാനായ ദൈവമേ സകല മരിച്ച ആത്മാക്കളോടും പ്രത്യേകിച്ച് ഞങ്ങളുടെ പൂർവ്വപിതാക്കന്മാരോടു കരുണകാണിക്കണമേ. അവരുടെ പാപങ്ങൾ പൊറുക്കണമേ, ശാപങ്ങൾ നീക്കണമേ. കടങ്ങൾ ഇളച്ചു കൊടുക്കണമേ. നരകാഗ്നിയിൽ നിന്നും അവരെ മോചിപ്പിക്കണമേ, പൂർവ്വപിതാക്കന്മാരിലൂടെ ഞങ്ങളിലേക്കു കടന്നുവന്നിട്ടുള്ള പാരമ്പര്യരോഗങ്ങൾ, ശാപങ്ങൾ, ബന്ധങ്ങൾ തകർച്ചകൾ ഇവ നീക്കണമേ, പാപശാപ ബന്ധനങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ.

ശുദ്ധീകരണസ്ഥലത്ത് സഹനത്തിന് വിധേയരായിരിക്കുന്ന എല്ലാ ആത്മാക്കൾക്കുവേണ്ടിയും ലോകത്ത് എല്ലായിടത്തും ഉള്ള നിർഭാഗ്യവാന്മാരായ പാപികൾക്ക് വേണ്ടിയും എന്റെ കുടുംബത്തിലുള്ളവർക്കു വേണ്ടിയും നിത്യപിതാവേ, അങ്ങേ തിരുക്കുമാരന്റെ അമൂല്യമായ തിരുരക്തം ലോകത്ത് എമ്പാടും ഇന്ന് അർപ്പിക്കപ്പെടുന്ന വിശുദ്ധബലികൾക്ക് ഒപ്പം അങ്ങേയ്ക്ക് ഞങ്ങൾ അർപ്പിക്കുന്നു. ആമ്മേൻ.

ഈശോമറിയം യൗസേപ്പേ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ആത്മാക്കളെ രക്ഷിക്കണമേ (10 പ്രാവശ്യം).

### തിരുവചനം

നിങ്ങളിൽ ഒരാൾ സത്യത്തിൽനിന്നു വ്യതിചലിക്കുകയും അവനെ വേറൊരാൾ തിരിച്ചുകൊണ്ടുവരുകയും ചെയ്യുന്നെങ്കിൽ പാപിയെ തെറ്റായ മാർഗത്തിൽ നിന്നു പിന്തിരിക്കുന്നവൻ, തന്റെ ആത്മാവിനെ മരണത്തിൽനിന്നു രക്ഷിക്കുകയും തന്റെ നിരവധിയായ പാപങ്ങൾ ഉടച്ചുമാറ്റുകയും ചെയ്യുന്നുവെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ (യാക്കോബ് 5:19-20).

+++